പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1925 04.05. 2017 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഒഴിവുകൾ

ചോദ്യം

ശ്രീ.പി.സി.ജോർജ്ജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിലവിൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഏതൊക്കെ തസ്തികകളിൽ ഒഴിവുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തസ്തിക തിരിച്ച് ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br>(ബി) ഏതൊക്കെ തസ്തികകളുടെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ & ബി ) ഉണ്ട്. കമ്പനി സെക്രട്ടറി – 1<br>ഡെപ്യൂട്ടി ചീഫ് അക്കൗണ്ട് ഓഫീസർ - 1<br>കമ്പനി സെക്രട്ടറിയുടെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പി.എസ്.സി-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ ഒഴിവ് പ്രമോഷൻ മുഖേന നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഇതിനുപുറമേ അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) പ്രൊമോഷൻ വഴി നികത്തേണ്ട 30% ക്വാട്ടയിൽ 48 ഒഴിവുകളും, പ്രൊമോഷൻ വഴി നികത്തേണ്ട 20 % ക്വാട്ടയിൽ 143 ഒഴിവുകളും ഉണ്ട്. ലൈൻമാൻ II ഗ്രേഡിൽ നിന്നും ലൈൻമാൻ ഗ്രേഡ്-I-ലേക്ക് പ്രൊമോഷൻ വഴി നികത്തേണ്ട 399 ഒഴിവുകൾ ഉണ്ട്. ഓവർസിയർ (ഇലക്ട്രിക്കൽ)-ലേക്ക് പ്രൊമോഷൻ നൽകി നികത്തേണ്ട 130 ഒഴിവുകൾ ഉണ്ട്. കാഷ്യർ തസ്തികയിൽ നിന്നും സീനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകി നികത്തേണ്ട 217 ഒഴിവുകൾ ഉണ്ട്. ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറുടെ 2 ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകൾ പി.എസ്.സി വഴി നികത്തേണ്ടവയാണ്. പി.എസ്.സി-യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (സിവിൽ) തസ്തികയിൽ പ്രൊമോഷൻ വഴി നികത്തേണ്ട 25% ക്വാട്ടയിൽ 22 ഒഴിവുകൾ ഉണ്ട്. സബ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) 30% ക്വാട്ടയിൽ 7 NJD ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മീറ്റർ റീഡർ തസ്തികയിൽ പ്രൊമോഷൻ by transfer appointment വഴി നികത്തേണ്ട 334 ഒഴിവുകളുണ്ട്. |

| | |
|---|---|
| | അസിസ്റ്റന്റ് എഞ്ചിനിയർ (സിവിൽ) തസ്തികയിൽ 40% ക്വാട്ടയിൽ പി.എസ്.സി വഴി നിയമിക്കേണ്ട 51 ഒഴിവുകൾ ഉണ്ട്. ഇവയിൽ 4 ഒഴിവുകൾ (NJD) കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. 30% ക്വാട്ടയിൽ 2 ഒഴിവുകളും 20% ക്വാട്ടയിൽ 57 ഒഴിവുകളും ഉണ്ട്. ഇവ പ്രൊമോഷൻ വഴി നികത്തേണ്ടതാണ്.<br><br>വിവിധ ആധുനിക വൽക്കരണ നടപടികളിലൂടെ ജോലിഭാരത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ കണക്കിലെടുത്ത് വരുത്തുന്ന പുന:ക്രമീകരണങ്ങൾക്ക് ശേഷമേ ചില തസ്തികകളിലെ ഒഴിവുകൾ കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (സി) ഇതിൽ ഏതെങ്കിലും തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലിവിൽ ഉണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള റാങ്ക് പട്ടികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു<br>1. ചീഫ് പേഴ്സണൽ ഓഫീസർ<br>2. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നേരിട്ടുള്ള നിയമനം<br>3. അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രിക്കൽ) ഡിപ്പാർട്ട്മെന്റ് ക്വാട്ട<br>4. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ<br>5. ജൂനിയർ അസിസ്റ്റന്റ് /കാഷ്യർ (3% PH)<br>6. എൽ.ഡി.ടൈപ്പിസ്റ്റ്/ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റ്,<br>7. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നേരിട്ടുള്ള നിയമനം. |
| (ഡി)കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഏതൊക്കെ തസ്തികകളിൽ കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ; ഇവരുടെ എണ്ണവും തസ്തികകളും വിശദമാക്കുമോ; | (ഡി) കെ.എസ്.ഇ.ബി ലിമിറ്റഡിൽ കരാറടിസ്ഥാനത്തിൽ നേരിട്ട് ജീവനക്കാരെ നിയമിക്കുന്നില്ല. എന്നാൽ ചില പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. കരാറുകാരൻ പ്രവൃത്തികൾ ചെയ്യാൻ യോഗ്യരായ ആൾക്കാരെ കൊണ്ട് ഏറ്റെടുത്ത പ്രവൃത്തികൾ ചെയ്യിക്കുന്നു. |
| (ഇ)എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴി കെ.എസ്.ഇ.ബി ലിമിറ്റഡിൽ ജീവനക്കാർ ജോലിചെയ്യുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഇ) വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്)കെ.എസ്.ഇ.ബി യിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിന് എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (എഫ്) സ്വീകരിക്കും. IIMK (കോഴിക്കോട് ഐ.ഐ.എം.കെ)-യുടെ പഠന റിപ്പോർട്ട് പ്രകാരം ചില തസ്തികകളിൽ നിയമനം നടത്തരുതെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ